ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 04.04.2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ, അസം, പുതുച്ചേരി, എന്നിവിടങ്ങളിൽ ദേശീയ നേതാക്കളുടെ നേതൃത്വത്തിൽ പ്രചാരണ പരിപാടികൾ ഊർജിതമാക്കി മുന്നണികൾ.

   **Campaigning picks up for Assembly elections in Kerala, Tamil Nadu, West Bengal, Assam, and Puducherry.**

2. കേരളത്തിൽ പ്രചാരണത്തിന് മാറ്റ് കൂട്ടാൻ താരപ്രചാരകർ രംഗത്ത്; എൻ ഡി എയ്ക്കായി ബി ജെ പി മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദിയും, യു ഡി എഫിനായി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ഇന്ന് സംസ്ഥാനത്ത്, എൽ ഡി എഫിനായി സിപിഎം ജനറൽ സെക്രട്ടറി എം എ ബേബിയും രംഗത്ത്.

   **Star campaigners of political parties lead the campaign in Keralam; Prime Minister and Senior BJP leader Narendra Modi and Opposition leader Rahul Gandhi, CPM General Secretary MA Baby campaign in the state today.**

3. പശ്ചിമ ബംഗാളിൽ സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കാൻ ഉന്നത ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **The Election Commission instructs top officials to ensure free and fair elections in West Bengal.**

4. കേരളത്തിൽ താപനില ഉയരുന്നു; വിവിധ ജില്ലകളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

**Keralam records high temperature; IMD predicts heavy rains with thunderstorms in various districts.**

5. പശ്ചിമേഷ്യയിൽ സംഘർഷത്തിന് അയവില്ല; അമേരിക്ക മുന്നോട്ടുവെച്ച 48 മണിക്കൂർ വെടിനിർത്തൽ കരാർ തള്ളി ഇറാൻ.

**Conflict continues in West Asia; Iran rejects the 48-hour ceasefire agreement proposed by the United States.**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഡൽഹി ക്യാപിറ്റൽസ് മുംബൈ ഇന്ത്യൻസിനെയും ഗുജറാത്ത് ടൈറ്റൻസ് രാജസ്ഥാൻ റോയൽസിനെയും നേരിടും.

**In IPL cricket, Delhi Capitals will face Mumbai Indians and Gujarat Titans will face Rajasthan Royals.**

**&&&&&&&&&&&&&&&&&&**

## ASSEMBLY ELECTION -STATES

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ, അസം, പുതുച്ചേരി, എന്നിവിടങ്ങളിൽ പ്രചാരണ പരിപാടികൾ ഊർജിതമായി പുരോഗമിക്കുന്നു. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിന് അഞ്ചു ദിവസം ശേഷിക്കെ ദേശീയ നേതാക്കളുടെ നേതൃത്വത്തിൽ മുന്നണികൾ പ്രചാരണം ശക്തമാക്കി.

**&&&&&&&&&&&&&&&&&&**

## PM - TVPM (INTRO)

എൻ ഡി എ യുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ബി ജെ പിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് തിരുവനന്തപുരത്ത് എത്തും. വൈകുന്നേരം നടക്കുന്ന റോഡ് ഷോയിൽ ശ്രീ മോദി പങ്കെടുക്കും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...
(വോയ്സ്)

**&&&&&&&&&&&&&&&&&&&**

## CAMPAIGN –UDF – LDF

കോൺഗ്രസിന്റെ മുതിർന്ന നേതാവും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി ആലപ്പുഴയിലെ യുഡിഎഫ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കുകയാണ്. കൊച്ചി, കുന്നത്തുനാട് എന്നിവിടങ്ങളിലെ യുഡിഎഫ് പ്രചാരണ പരിപാടികളിലും ശ്രീ രാഹുൽ ഗാന്ധി പങ്കെടുക്കും. ഇന്ന് കോഴിക്കോട് നടക്കുന്ന UDF തിരെഞ്ഞെടുപ്പ് പ്രചാരണത്തിൽ കോൺഗ്രസ് നേതാവ് ശശി തരൂർ എംപി കർണാടക ഉപമുഖ്യമന്ത്രി ഡി.കെ.ശിവകുമാർ തുടങ്ങിയവർ പങ്കെടുക്കും. സിപിഎം ജനറൽ സെക്രട്ടറി എം എ ബേബി ഇന്നു കോട്ടയം ജില്ലയിലെ എൽഡിഎഫ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. മുതിർന്ന LDF നേതാവും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ ഇന്ന് കണ്ണൂരിലും CPI(M) പോളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് കോഴിക്കോട്ടും LDF പ്രചാരണത്തിൽ പങ്കെടുക്കുകയാണ്.

**&&&&&&&&&&&&&&&&&&&**

## KOLLAM–CAMPAIGN

കൊല്ലം ജില്ലയിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഊർജമേകാൻ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ദേശീയ നേതാക്കൾ രംഗത്ത്. ബിജെപിയുടെ മുതിർന്ന നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ നാളെ വൈകിട്ട് കൊല്ലം ചാത്തന്നൂരിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ പങ്കെടുക്കും. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ യു ഡി എഫ് സ്ഥാനാർത്ഥികൾക്കായി നാളെ വൈകിട്ട് കൊട്ടാരക്കര അമ്പലക്കര ഗ്രൗണ്ടിൽ നടക്കുന്ന തിരഞ്ഞെടുപ്പ് പ്രചരണ യോഗം ഉദ്ഘാടനം ചെയ്യും. മുതിർന്ന കോൺഗ്രസ് നേതാവ് എം എം ഹസ്സനും വിവിധയിടങ്ങളിലെ പ്രചരണ

യോഗങ്ങളിൽ പങ്കെടുക്കും. എൽ ഡി എഫിനായി സി പി എമ്മിലേയും സിപി ഐയിലേയും മുതിർന്ന നേതാക്കൾ തന്നെ പ്രചാരണ രംഗത്തുണ്ട്.

&&&&&&&&&&&&&&&&&&

**THRISSUR- ELECTION CAMPAIGN (INTRO)**

തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ മുതിർന്ന നേതാക്കളുടെ നേതൃത്വത്തിൽ തിരക്കിട്ട പ്രചാരണ പരിപാടികളിലാണ് തൃശ്ശൂർ ജില്ലയിലെ ഓരോ സ്ഥാനാർത്ഥികളും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃ ശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്...**

(വോയ്സ്)

&&&&&&&&&&&&&&&&&&

**REV.TN-ELECTIONEERING**

തമിഴ്നാട്ടിൽ നിയമസഭാ തെരഞ്ഞെടുപ്പിലേക്കുള്ള നാമനിർദ്ദേശ പത്രികകളുടെ സമർപ്പണം മറ്റന്നാൾ അവസാനിക്കും. പത്രികകളുടെ സൂക്ഷ്മപരിശോധന 7-◌ാ◌ം തീയതി നടക്കും. ഈ മാസം 23-നാണ് പോളിംഗ്. അതിനിടെ സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു. മുതിർന്ന നേതാക്കളുടെ നേതൃത്വത്തിൽ എല്ലാ മുന്നണികളും പ്രചരണ രംഗത്ത് സജീവമാണ്.

&&&&&&&&&&&&&&&&&&

**EC-WB**

സ്വതന്ത്രവും നീതിയുക്തവും സുതാര്യവുമായ നിയമസഭാ തിരഞ്ഞെടുപ്പ് ഉറപ്പാക്കാൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പശ്ചിമ ബംഗാളിലെ ഉന്നത ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. വോട്ടർമാർ ഭയപ്പെടേണ്ടതില്ലെന്നും, അക്രമം, ഭീഷണി, പ്രലോഭനം

എന്നിവയിൽ നിന്ന് മുക്തമായിരിക്കണമെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## EC - WEST BENGAL

പശ്ചിമ ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിനായി 4,660 അനുബന്ധ പോളിംഗ് സ്റ്റേഷനുകൾ കൂടി സജ്ജമാക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ  അനുമതി നൽകി. 1,200-ൽ അധികം വോട്ടർമാരുള്ള ബൂത്തുകളിലാണ് ഈ ക്രമീകരണം. ഇതോടെ സംസ്ഥാനത്തെ ആകെ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം 85,379 ആയി ഉയർന്നു. കൂടാതെ, വോട്ടർമാരുടെ സൗകര്യത്തിനായി 321 ബൂത്തുകൾ മാറ്റി സ്ഥാപിക്കാനും തീരുമാനമായി. ഏപ്രിൽ 23, 29 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായാണ് പശ്ചിമ ബംഗാളിൽ വോട്ടെടുപ്പ് നടക്കുന്നത്.

&&&&&&&&&&&&&&&&&&

## WEATHER - KERALA

കേരളത്തിൽ താപനില ഉയരുന്നു. ഉയർന്ന അൾട്രാ വയലറ്റ് സൂചിക രേഖപ്പെടുത്തുന്ന പശ്ചാത്തലത്തിൽ വിവിധ ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഏർപ്പെടുന്ന പൊതുജനങ്ങളും ഉദ്യോഗസ്ഥരും പ്രത്യേകം ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

അതേസമയം, സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്നും നാളെയും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

## LPG TANKER - HORMUZ

ഇന്ത്യയുടെ എൽ.പി.ജി ടാങ്കർ 'ഗ്രീൻ സാൻവി' യുദ്ധപ്രതിസന്ധി നിലനിൽക്കുന്ന ഹോർമുസ് കടലിടുക്ക് പിന്നിട്ട് സുരക്ഷിതമായി യാത്ര തുടരുന്നതായി കേന്ദ്ര സർക്കാർ . പശ്ചിമേഷ്യൻ സംഘർഷം ആരംഭിച്ച ശേഷം ഹോർമുസ് കടലിടുക്ക് കടക്കുന്ന ഏഴാമത്തെ ഇന്ത്യൻ

ടാങ്കറാണിത്. നാനൂറിലധികം ഇന്ത്യൻ നാവികരുള്ള 17 കപ്പലുകൾ കൂടി നിലവിൽ പേർഷ്യൻ ഗൾഫ് മേഖലയിലുണ്ട്. കപ്പൽ ഉടമകളുമായും ഇന്ത്യൻ മിഷനുകളുമായും ഏകോപിപ്പിച്ച് ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിംഗ് സ്ഥിതിഗതികൾ സസൂക്ഷ്മം നിരീക്ഷിച്ചു വരികയാണെന്നും ഇതുവരെ 1,130 ഇന്ത്യൻ നാവികരെ സുരക്ഷിതമായി നാട്ടിലെത്തിച്ചതായും അധികൃതർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**RAIPUR-COAL INDIA**

പശ്ചിമേഷ്യയിലെ നിലവിലെ പ്രതിസന്ധി കണക്കിലെടുത്ത്, രാജ്യത്തിന്റെ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കോൾ ഇന്ത്യ ലിമിറ്റഡ് സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിവരികയാണെന്ന് ചെയർമാൻ ബി. സായിറാം. കോർബ സന്ദർശന വേളയിൽ ആകാശവാണി വാർത്തയ്ക്ക് നൽകിയ അഭിമുഖത്തിൽ ആവശ്യമായ കൽക്കരി ശേഖരം രാജ്യത്ത് നിലവിൽ ലഭ്യമാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**DUBAI-AERIAL INTERCEPTIONS**

ദുബായിൽ ഇറാന്റെ വ്യോമാക്രമണം പ്രതിരോധിക്കുന്നതിനിടെ ആകാശത്തുവെച്ച് തകർത്ത വസ്തുക്കളുടെ അവശിഷ്ടങ്ങൾ കെട്ടിടങ്ങൾക്ക് മുകളിൽ വീണു. ദുബായ് ഇന്റർനെറ്റ് സിറ്റിയിലെ ഒറാക്കിൾ കെട്ടിടത്തിന് മുകളിലും മറീനയിലെ മറ്റൊരു കെട്ടിടത്തിന് മുകളിലുമാണ് അവശിഷ്ടങ്ങൾ പതിച്ചത്. ആർക്കും പരിക്കേറ്റിട്ടില്ലെന്നും സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണെന്നും അധികൃതർ അറിയിച്ചു. യു.എസും ഇസ്രായേലുമായി ബന്ധമുള്ള കേന്ദ്രങ്ങളെ ആക്രമിക്കുമെന്ന് ഇറാൻ സൈനിക വക്താവ് നേരത്തെ വ്യക്തമാക്കിയിരുന്നു .

&&&&&&&&&&&&&&&&&&

**IRAN-US PROPOSAL**

അമേരിക്ക മുന്നോട്ടുവെച്ച 48 മണിക്കൂർ വെടിനിർത്തൽ കരാർ തള്ളി ഇറാൻ . പശ്ചിമേഷ്യൻ സംഘർഷം

രൂക്ഷമാകുന്നതിനിടെ മൂന്നാം കക്ഷി മുഖേനയാണ് അമേരിക്ക ഈ നിർദ്ദേശം സമർപ്പിച്ചത്. എന്നാൽ വെടിനിർത്തലിന് തയ്യാറാകാതെ സൈനിക നീക്കങ്ങൾ ശക്തമാക്കിയിരിക്കുകയാണ് ഇറാൻ. നിലവിൽ, ഇറാനിലെ തന്ത്രപ്രധാന കേന്ദ്രങ്ങൾ ലക്ഷ്യമാക്കി അമേരിക്കയും ഇസ്രായേലും ആക്രമണം തുടരുകയാണ്. തങ്ങളുടെ നിബന്ധനകൾ അംഗീകരിക്കുന്നത് വരെ പോരാട്ടം തുടരുമെന്ന് ഇറാൻ വ്യക്തമാക്കിയതോടെ മേഖലയിലെ നയതന്ത്ര ചർച്ചകൾ വഴിമുട്ടിയിരിക്കുകയാണ്.

&&&&&&&&&&&&&&&&&&&

**TRUMP-US JET DOWN**

ഇറാനുമായുള്ള സംഘർഷത്തിനിടെ അമേരിക്കൻ യുദ്ധവിമാനങ്ങൾ വെടിവെച്ചിട്ടത് നയതന്ത്ര ചർച്ചകളെ ബാധിക്കില്ലെന്ന് ഉറപ്പു നൽകി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഇറാനുമായുള്ള സമാധാന നീക്കങ്ങൾക്ക് ഈ സംഭവം തടസ്സമാകില്ലെന്ന് അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകുന്നേരം 3.30ന് നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7.30ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസും രാജസ്ഥാൻ റോയൽസും തമ്മിൽ ഏറ്റുമുട്ടും. ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് കിംഗ്സ്, ചെന്നൈ സൂപ്പർ കിംഗ്സിനെ 5 വിക്കറ്റിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&&

**MOON- ARTEMIS IMAGE**

ചന്ദ്രനെ ലക്ഷ്യമാക്കി നീങ്ങുന്ന ആർട്ടിമിസ് II പേടകത്തിൽ നിന്നും എടുത്ത ഭൂമിയുടെ ആദ്യ ഹൈ റെസല്യൂഷൻ ചിത്രങ്ങൾ പങ്കിട്ട് നാസ. 'ഹലോ വേൾഡ്' എന്ന് പേരിട്ടിരിക്കുന്ന ആദ്യ ചിത്രത്തിൽ മേഘാവൃതമായ

ഭൂമിയുടെയും അറ്റ്ലാന്റിക് സമുദ്രത്തിന്റെയും മനോഹര ദൃശ്യമാണുള്ളത്. ഭൂമിയിൽ നിന്നും ഏകദേശം 1,60,000 കിലോമീറ്റർ പിന്നിട്ട പേടകം തിങ്കളാഴ്ച ലക്ഷ്യ സ്ഥാനത്ത് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&&&&&

**REV. NASHIK ACCIDENT**

മഹാരാഷ്ട്രയിലെ നാസിക് ജില്ലയിൽ വാഹനാപകടത്തിൽ ഒരു കുടുംബത്തിലെ ഒമ്പത് പേർ മരിച്ചു. ദിൻഡോരി താലൂക്കിലെ ഇൻഡോർ ഗ്രാമവാസികളാണ് അപകടത്തിൽപ്പെട്ടത്. കുടുംബാഗംങ്ങൾ സഞ്ചരിച്ച കാർ നിയന്ത്രണം വിട്ട് റോഡരികിലെ കിണറ്റിലേക്ക് വീഴുകയായിരുന്നു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&&